12520
26/9/15

**കേരള സർക്കാർ**
**സംഗ്രഹം**

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് - 2014-15 അദ്ധ്യയന വർഷത്തെ എസ്.എസ്.എൽ.സി, പ്ലസ്-ടൂപ്പരീക്ഷകളിലും, മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷകളിലും ഉന്നതവിജയം കരസ്ഥമാക്കിയ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്വർണ്ണമെഡൽ നൽകി ആദരിക്കുന്നതിനും ടി പദ്ധതിയ്ക്കാവശ്യമായ സ്വർണ്ണമെഡലുകൾ വാങ്ങുന്നതിനും മികച്ച വിജയം കരസ്ഥമാക്കിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് ട്രോഫി നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.**1498/2015**/പജപവവിവ തിരുവനന്തപുരം, തീയതി **19.09.2015.**

---

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 29/06/2015-ലെ ഡെവ.ബി.3-10554/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശത്തിലെ കത്ത് പ്രകാരം **2014-15** അദ്ധ്യയന വർഷത്തിൽ, എസ്.എസ്.എൽ.സി, പ്ലസ്-ടൂപ്പരീക്ഷകളിൽ, ഉന്നത വിജയം നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്കും, മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്കും സ്വർണ്ണമെഡലുകൾ നൽകി ആദരിക്കുന്നതിനുള്ള ഒരു നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. അതിനൊപ്പം ആദരിക്കപ്പെടുന്ന വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും പ്രസ്തുത അവാർഡ് വിതരണച്ചടങ്ങിൽ പങ്കെടുക്കാനുള്ള സൗകര്യം കണക്കിലെടുത്ത് ടി പരിപാടി സംസ്ഥാനത്ത് തിരുവനന്തപുരത്തും, തൃശ്ശൂരും സംഘടിപ്പിക്കുന്നതിനും, ആയതിന് ചെലവിനത്തിൽ ആകെ **1,05,00,000/-രൂപ(ഒരു കോടി അഞ്ച് ലക്ഷം രൂപ മാത്രം)** അനുവദിക്കണമെന്നും പരാമർശ പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി, പ്ലസ്-ടൂപ്പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് (A+) നേടിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അരപവൻ (4gm) വീതവും മെഡിക്കൽ/എഞ്ചിനീയറിംഗ്

പ്രവേശനപ്പരീക്ഷയിൽ പട്ടികജാതി വിഭാഗത്തിൽ നിന്നും ഒന്നാം റാങ്ക് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് ഒരു പവൻ (8gm) വീതവും സ്വർണ്ണമെഡൽ നൽകി ആദരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. അതിനൊപ്പം നൂറു ശതമാനം (100%) വിജയം കരസ്ഥമാക്കിയ വകുപ്പിനു കീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് [എം.ആർ.എസ് ] ട്രോഫി നൽകുന്നതിനും അനുമതി നൽകുന്നു. പ്രസ്തുത അവാർഡ് വിതരണച്ചടങ്ങിൽ പങ്കെടുക്കേണ്ട വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും സൗകര്യം കണക്കിലെടുത്ത് തിരുവനന്തപുരം, തൃശ്ശൂർ എന്നിവിടങ്ങളിലായി അവാർഡ് വിതരണ ചടങ്ങ് സംഘടിപ്പിക്കുന്നതിനും ഇതിനാൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ അവാർഡ് വിതരണ ചടങ്ങ് സംഘടിപ്പിക്കുന്നതിനാവശ്യമായ **1,05,00,000/-രൂപ (ഒരു കോടി അഞ്ച് ലക്ഷം രൂപ മാത്രം)** നടപ്പുവർഷത്തെ "2225-01-277-57-34 **Assistance for Education (Plan)** എന്ന ശീർഷകത്തിൽ നിന്നും ചെലവഴിയ്ക്കാവുന്നതാണ്

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എസ്.യു.രാജീവ്**
ജോയിന്റ് സെക്രട്ടറി

പട്ടികജാതി വികസന ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള (ജി&എസ്.എസ്.എ), തിരുവനന്തപുരം.
ഫിനാൻസ് ഡിപ്പാർട്ട്മെന്റ് (വെൽഫയർ വിംഗ്)
ഇൻഫർമേഷൻ ഓഫിസർ(വെബ് & ന്യൂ മീഡിയ) (I &PRD)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ